**KSFE**

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ - 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg തിയ്യതി : 09.04.2024

# സർക്കുലർ 15/2024 (BD)

വിഷയം : പുതിയ സ്ഥിര നിക്ഷേപ പദ്ധതി **"നേട്ടം പ്ലസ്"** ആരംഭിക്കുന്നതും, പലിശ നിരക്കുകളിൽ മാറ്റം വരുത്തുന്നതും സംബന്ധിച്ച്.

സൂചന : 1. സർക്കുലർ 85/2022 (BD) തിയ്യതി 14.12.2022
2. സർക്കുലർ 04/2024 (BD) തിയ്യതി 11.01.2024
3. സർക്കുലർ 05/2024 (BD) തിയ്യതി 17.01.2024

മുൻ സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് വായ്പാ നിക്ഷേപ അനുപാതം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നിക്ഷേപ സമാഹരണത്തിന് കൂടുതൽ പ്രാധാന്യം നൽകി കൊണ്ട് വായ്പ വിതരണ തോത് വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നത് ഈ ഘട്ടത്തിൽ ഉചിതമായിരിക്കും. ഇത് കണക്കിലെടുത്ത് നിക്ഷേപങ്ങളുടെയും വായ്പകളുടെയും പലിശ നിരക്കിൽ ആവശ്യമായ മാറ്റങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു.

ഇതുപ്രകാരം കെ.എസ്.എഫ്.ഇ. യുടെ ഏറെ പ്രചാരം നേടിയ "നേട്ടം" നിക്ഷേപ പദ്ധതിയ്ക്കു പുറമെ **"നേട്ടം പ്ലസ്"** എന്ന ഒരു പുതിയ നിക്ഷേപ പദ്ധതി കൂടി ആരംഭിക്കുകയാണ്.

## നേട്ടം പ്ലസ് നിക്ഷേപ പദ്ധതിയുടെ പ്രത്യേകതകൾ

1. കാലാവധി : **444 ദിവസം**
2. പലിശ നിരക്ക് : **8.50% p.a**
3. നേട്ടം നിക്ഷേപ പദ്ധതിയിൽ എന്ന പോലെ നേട്ടം പ്ലസ് നിക്ഷേപ പദ്ധതിയിലും മാസം തോറും പലിശ നൽകാവുന്നതാണ്.
4. **"നേട്ടം പ്ലസ്"** നിക്ഷേപ പദ്ധതിയ്ക്ക് ഇതിനായി തയ്യാറാക്കിയ പ്രത്യേക അപേക്ഷാഫോം ആണ് ഉപയോഗിക്കേണ്ടത്. (മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)
5. നേട്ടം നിക്ഷേപ പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവായി നിലവിലുള്ള മറ്റ് നിബന്ധനകളെല്ലാം നേട്ടം പ്ലസ് നിക്ഷേപ പദ്ധതിയ്ക്കും ബാധകമാണ്.

ഇതോടൊപ്പം താഴെ പറയുന്ന നിക്ഷേപ വായ്പാ ഇനങ്ങളിലും മാറ്റങ്ങൾ വരുത്തുകയാണ്.

## നിക്ഷേപ / വായ്പാ പദ്ധതികളുടെ നിരക്കിൽ വരുത്തിയ മാറ്റങ്ങൾ

| പദ്ധതി | നിലവിലെ നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|
| CSDT | 8.50% | 8.75% |
| KSFE Max Gold Loan | 9.00% | 9.50% |

**ശ്രദ്ധിക്കേണ്ട മറ്റ് കാര്യങ്ങൾ**

1. കെ.എസ്.എഫ്.ഇ. മാക്സ് ഗോൾഡ് ലോണിന്റെ പലിശ നിലവിലുള്ള പ്രകാരം തന്നെ മാസം തോറും അടയ്ക്കേണ്ടതാണ്. പലിശ അടവിൽ മുടക്കം വരുത്തിയാൽ താഴെ പറയുന്ന രീതിയിൽ അധിക പലിശ ഈടാക്കുന്നതാണ്.

| | | |
|---|---|---|
| മാക്സ് ഗോൾഡ് ലോണിന്റെ പലിശ അടവിൽ മുടക്കം വരുത്തിയാൽ അടിസ്ഥാന നിരക്കിൽ നിന്നും ഈടാക്കുന്ന **അധിക പലിശ** നിരക്ക് | 60 ദിവസം വരെ | നിരക്കിൽ മാറ്റമില്ല (9.50%) |
| | 61 ദിവസം മുതൽ 90 ദിവസം വരെ | 1% |
| | 91 ദിവസം മുതൽ | 2% |

2. കെ.എസ്.എഫ്.ഇ. മാക്സ് ഗോൾഡ് ലോണിന്റെ മറ്റ നിബന്ധനകളിൽ മാറ്റം ഉണ്ടായിരിക്കുന്നതല്ല.

3. നിലവിലെ നേട്ടം നിക്ഷേപ പദ്ധതി മാറ്റമില്ലാതെ തുടരുന്നതാണ്.

"നേട്ടം പ്ലസ്" നിക്ഷേപ പദ്ധതിയുടെയും CSDT യുടെയും ഉൾപ്പെടെ വർദ്ധിപ്പിച്ച നിരക്കുകൾ പൊതുജനങ്ങളുടെയും ഇടപാടുകാരുടെയും ശ്രദ്ധയിൽ എത്തിക്കേണ്ടതാണ്. ആകർഷകമായി മാറിയിട്ടുള്ള പലിശ നിരക്കിന്റെ ആനുകൂല്യത്തിൽ നിക്ഷേപം ഉയർത്തുന്നതിനും, ആനുപാതികമായി വായ്പ വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ തുടരേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

**മേൽ സൂചിപ്പിച്ച നിരക്കുകളിലെ മാറ്റം 11.04.2024 മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.**

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

*To: എല്ലാ ശാഖാ തലവൻമാർക്കും*
പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/ പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ

KSFE

## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം)

രജി. ഓഫീസ് "ഭദ്രത", പി.ബി.നമ്പർ 510, മ്യൂസിയം റോഡ്, തൃശ്ശൂർ -680020

### നേട്ടം പ്ലസ് സ്ഥിര നിക്ഷേപത്തിനുള്ള അപേക്ഷ

സ്വീകർത്താവ്

സ്ഥലം:
തിയ്യതി:

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്
--------------------------------------ശാഖ

സർ,

ഞാൻ/ഞങ്ങൾ ---------------------------രൂപ (----------------------------------------രൂപ) താങ്കളുടെ സ്ഥാപനത്തിൽ സ്ഥിര നിക്ഷേപമായി ----------------വാർഷിക പലിശ നിരക്കിൽ 444 ദിവസത്തേയ്ക്ക് നിക്ഷേപിക്കുവാൻ ആഗ്രഹിക്കുന്നു. ആയതിനാൽ ഞാൻ/ ഞങ്ങൾ ---------രൂപ (---------------------------രൂപ) പണമായി / ------------------------------------ബാങ്കിന്റെ -------------------- നമ്പറുള്ള ----------------------------തിയ്യതിയിലെ ഡിമാന്റ് ഡ്രാഫ്റ്റ് ആയി /-------------------------------അക്കൗണ്ടിൽ നിന്നും മാറ്റി തന്നിരിക്കുന്നു.

അതിനാൽ എന്റെ / ഞങ്ങളുടെ പേരിൽ കൂട്ടായി / അല്ലെങ്കിൽ ഞങ്ങളിൽ ആരുടെയെങ്കിലും പേരിൽ അല്ലെങ്കിൽ ഞങ്ങളിൽ ആദ്യത്തെയാൾ / ജീവിച്ചിരിക്കുന്നയാളുടെ പേരിൽ സ്ഥിര നിക്ഷേപ രശീതി തരേണ്ടതാണ്.

നിക്ഷേപ രശീതി ഡിസ്ചാർജ്ജ് ചെയ്ത് തിരികെ സമർപ്പിക്കുമ്പോൾ മേൽ പറഞ്ഞ ക്രമ പ്രകാരം തന്നെ പിൻവലിക്കാൻ എനിക്ക് / ഞങ്ങൾക്ക് അർഹതയുണ്ട്.

കമ്പനി നിക്ഷേപ അക്കൗണ്ട് തുടങ്ങാനുള്ള അപേക്ഷയുടെ പിറകിലുള്ള നിയമാവലി ഞാൻ / ഞങ്ങൾ വായിച്ചു മനസ്സിലാക്കി അംഗീകരിച്ചിട്ടുണ്ട്.

(ആവശ്യമില്ലാത്തവ വെട്ടിക്കളയുക)

നോമിനിയുടെ വിവരങ്ങൾ
പേര് :
മേൽവിലാസം :

നിക്ഷേപകനുമായുള്ള ബന്ധം :
നോമിനിയുടെ പ്രായം :
വിശ്വസ്തതയോടെ

നിക്ഷേപകന്റെ ഒപ്പ്

പരിചയപ്പെടുത്തിയ/ക്യാൻവാസിങ്ങ് ചെയ്ത വ്യക്തിയുടെ വിവരങ്ങൾ
പേരും മേൽവിലാസവും
ഒപ്പ്

---

നിക്ഷേപകന്റെ വിവരങ്ങൾ
നിക്ഷേപകന്റെ പേര്

മേൽവിലാസം

(പിൻകോഡ് സഹിതം)
ജനനതിയ്യതി ----------------------------------------പാൻ നമ്പർ------------------------ടെലഫോൺ നമ്പർ------------------------------------------

---

ഒപ്പിന്റെ മാതൃക
1.
2.
3.

---

(ഓഫീസ് ഉപയോഗത്തിന് മാത്രം)

നിക്ഷേപ രശീതി നമ്പർ
നിക്ഷേപ തിയ്യതി
കാലാവധി പൂർത്തിയാവുന്ന തിയ്യതി

അസിസ്റ്റന്റ് മാനേജർ/ മാനേജർ

നിയമാവലിക്കായി മറുപുറം നോക്കുക

## നേട്ടം പ്ലസ് സ്ഥിര നിക്ഷേപ പദ്ധതിയുടെ നിയമാവലി

1. കമ്പനിയുടെ നേട്ടം പ്ലസ് സ്ഥിര നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കാനുള്ള കാലാവധി 444 ദിവസമാണ്. കുറഞ്ഞത് 25000/- രൂപയും അതിൽ കൂടുതൽ പരിധിയില്ലാതെ നിക്ഷേപം സ്വീകരിക്കുന്നതാണ്.

2. നിക്ഷേപം ആരംഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷാഫോറം പൂരിപ്പിച്ച് നൽകേണ്ടതാണ്.

3. വ്യക്തികളുടെ പേരിലോ രണ്ടുപേരുടെ പേരിൽ കൂട്ടായോ / സ്ഥാപനങ്ങളുടെ / കമ്പനികളുടെ പേരിലോ തുക നിക്ഷേപിക്കാവുന്നതാണ്.

4. നേട്ടം പ്ലസ് സ്ഥിര നിക്ഷേപ പദ്ധതിയുടെ പലിശ നിരക്ക് താഴെ കൊടുത്തിരിക്കുന്നു.

| കാലാവധി | വാർഷിക പലിശ നിരക്ക് |
|---|---|
| 444 ദിവസം | 8.50% |

5. കാലാകാലങ്ങളിൽ നിലവിലുള്ള ഇൻകം ടാക്സ് നിയമങ്ങളനുസരിച്ച് വരുമാന നികുതി (TDS) ഈടാക്കുന്നതാണ്.

6. കൂട്ടായ നിക്ഷേപങ്ങളാണെങ്കിൽ ആദ്യത്തെ പേരുകാരൻ /അല്ലാത്തപക്ഷം ജീവിച്ചിരിക്കുന്ന ആൾക്ക് യഥാസമയം പലിശ നൽകുന്നതാണ്.

7. കമ്പനി നൽകുന്ന നിക്ഷേപ രശീതി കൈമാറ്റം ചെയ്യാൻ കഴിയുന്നതല്ല.

8. നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാവുമ്പോൾ നിക്ഷേപകൻ താത്പര്യം അറിയിക്കുന്നപക്ഷം പുതുക്കി നൽകാവുന്നതാണ്. അപ്പോൾ നിലവിലുള്ള പലിശ നിരക്കാണ് നിക്ഷേപത്തിന് ബാധകമാവുക. നിക്ഷേപങ്ങൾക്ക് കൂട്ടുപലിശ അനുവദിക്കുന്നതല്ല.

9. നിക്ഷേപത്തിന്റെ കാലാവധി പൂർത്തിയാവുന്ന തിയ്യതി നിക്ഷേപ രശീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപം കാലാവധി പൂർത്തിയാവുന്നതിനെ കുറിച്ച് മറ്റൊരറിയിപ്പ് നൽകുന്നതല്ല. കാലാവധി പൂർത്തിയാവുമ്പോൾ നിക്ഷേപം പിൻവലിക്കാൻ ഉദ്ദേശിക്കുന്ന പക്ഷം നിക്ഷേപ രശീതിയുടെ പുറകിൽ റവന്യൂ സ്റ്റാമ്പ് പതിപ്പിച്ച് അതിനു മുകളിലൂടെ ഒപ്പ് വെച്ച് ഡിസ്ചാർജ് ചെയ്ത് നിക്ഷേപ രശീതി നിക്ഷേപം തുടങ്ങിയ അതേ ശാഖയിൽ സമർപ്പിക്കേണ്ടതാണ്.

10. സ്ഥിരനിക്ഷേപം കാലാവധിയ്ക്കു മുൻപ് പിൻവലിക്കുന്നതിനുള്ള നിയമങ്ങൾ

    a. പ്രത്യേക സാഹചര്യത്തിൽ കമ്പനിയ്ക്ക് ബോധ്യമാകുന്ന കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നിക്ഷേപം കാലാവധി പൂർത്തിയാവുന്നതിന് മുൻപ് പിൻവലിക്കാനാവൂ.

    b. നിക്ഷേപിച്ച് ഒരു മാസം കഴിഞ്ഞാണ് പിൻവലിക്കുന്നതെങ്കിൽ നിക്ഷേപം കാലാവധി പൂർത്തിയാക്കിയ കാലയളവിനു നിലവിലെ സുഗമ പലിശയാണ് ലഭ്യമാവുക.

| കാലാവധി | പലിശ നിരക്ക് |
|---|---|
| ഒരു മാസത്തിന് താഴെ | പലിശ ഇല്ല. |
| ഒരു മാസം മുതൽ കാലാവധിയ്ക്കു മുൻപ് | നിലവിലെ സുഗമ നിക്ഷേപ പലിശ |

നിക്ഷേപകന്റെ ഒപ്പ്